പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1437 03.12.2018-ൽ മറുപടിക്ക്

## തണ്ണീർത്തട നിയമത്തെ മറികടന്ന് നിർമ്മിച്ച കെട്ടിടങ്ങളുടെ റഗുലറൈസേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം. ആരിഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2008-ലെ തണ്ണീർത്തട നിയമ പ്രകാരമുള്ള അനുവാദം ലഭിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഫൈൻ ഈടാക്കി അവ റഗുലറൈസ് ചെയ്ത് നൽകുന്നതിന് ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഇല്ല. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 27 എ-യിലെ വ്യവസ്ഥകൾക്ക് വിധേയമായി റവന്യൂ രേഖകളിൽ നിലമായി രേഖപ്പെടുത്തപ്പെട്ടതും എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി (വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി) നിശ്ചിത ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) വർഷങ്ങൾക്ക് മുമ്പ് നികത്ത പ്പെട്ടതും എന്നാൽ ഡേറ്റാ ബാങ്കിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ സ്ഥലത്ത് 2008-ന് ശേഷം നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഓരോ കേസിന്റെ പ്രത്യേക സാഹചര്യവും പരിശോധിച്ച് പ്രത്യേക അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) ഡാറ്റാബാങ്കിൽ നിലം എന്ന് രേഖപ്പെടുത്തപ്പെട്ട ഭൂമിയിൽ 2008-ന് ശേഷം അനുമതിയില്ലാതെ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അത്തരം ഭൂമിയ്ക്ക് ക്രമീകരണ അനുമതി നൽകുന്നതിന് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിൽ വ്യവസ്ഥയില്ല. ഡേറ്റാ ബാങ്കിൽ നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്തുള്ള അനധികൃതമായ ഒരു നിർമ്മിതിയ്ക്കും ക്രമവൽക്കരണം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ